# വിശുദ്ധ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ നമസ്ക്കാരം

## സന്ധ്യാ പ്രാർത്ഥന

### (ഒരു കൗമാ)

### സ്ലൂസൊ

പട്ടക്കാരൻ:- പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

പ്രതിവാക്യം:- ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നും എന്നേയ്ക്കും ചൊരിയപ്പെടുമാറാകണമേ.

ദൈവമായ കർത്താവേ! നിന്റെ നിമിത്തം കഷ്ടതകളും പീഡകളും സഹിച്ച് നിനക്ക് നല്ല സ്നേഹിതനും, പാപികളായ ഞങ്ങൾക്കു വേണ്ടി അപേക്ഷകനുമായിത്തീർന്ന പരിശുദ്ധനായ മാർ ഗീവറുഗീസ് സഹദായുടെ പെരുന്നാളിനെ കൊണ്ടാടുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. അവന്റെ സത്യവിശ്വാസത്തെ പിന്തുടർന്ന് സുകൃതജീവിതത്തിൽ ഉറച്ചു നില്പാൻ ഞങ്ങൾക്കു ശക്തി നൽകണമേ. ഞങ്ങൾ തിരുസന്നിധിയിൽ സത്യവിശ്വാസത്തോടുകൂടി ജീവിച്ച് ഞങ്ങളുടെ ആയുഷ്കാലമെല്ലാം പുണ്യപ്രവൃത്തികൾ ചെയ്ത് മോക്ഷം നേടുമാറാകണമേ. ഹോശോ.....

### 51-ാം മസുമൂർ

ദൈവമേ നിന്റെ കൃപ പോലെ... (പേജ് 186 കാണുക)

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

പട്ടക്കാരൻ:- ശുബഹോ... ജനം: മെന്ഓലം

### ഏമൊദ് കീസൊ (ഒലിവീന്തൽ....) എന്ന രീതി

ആരിൽ കൂറും വിശ്വാസവുമാർന്നു
മാർ ഗീവറുഗീസ് പര പീഡകളേറ്റു
ദേവാ! ചെയ്യണമേ കരുണ

കർത്തൃസ്നേഹത്താൽ-സഹദാ ഗീവറുഗീസ്
പോരാട്ടത്തിൽ-ദുഷ്ടനെ വിജയിച്ചു
ദേവാ! ചെയ്യണമേ കരുണ

ഗീവറുഗീസിനു-ബലമേകിയ നാഥാ!
നിൻ സ്തുതി പാടാൻ-ബലമേകണമിവരിൽ
ദേവാ! ചെയ്യണമേ കരുണ.

പീഡകളാലെ-നൽപ്രഭാവമേറ്റം
ഗീവറുഗീസിനു-ചെയ്തവനെ സ്തുതി തേ
ദേവാ! ചെയ്യണമേ കരുണ

ബാറെക്മോർ. ശുബഹോ... മെന്ഒലം

സ്തുതി താതന്നും-സ്തോത്രം പുത്രന്നും
പുകളാത്മന്നും നിത്യം ചേരട്ടെ.
ദേവാ! ചെയ്യണമേ കരുണ. കുറിയേലായിസോൻ

## 141-ാം മസുമൂർ

കർത്താവേ ഞാൻ നിന്നെ വിളിച്ചു... (പേജ് 191 കാണുക)

## 142-ാം മസുമൂർ

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻ വിളിച്ചു... (പേജ് 192 കാണുക)

## 118-ാം മസുമൂർ

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും...

## 117-ാം മസുമൂർ

സകലജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ... (പേജ് 190 കാണുക)

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ... ജനം: മെന്ഓലം

## 'ബ്കോലെദ് ശുബഹൊ ബ്പും മാലാഖ'

(ദൈവമുയിർത്തു മഹത്ത്വത്തോ.... എന്ന രീതി)

മാർ ഗീവറുഗീസ് കാണിച്ചതു പോലത്ഭുതമെവിടെ?
വിസ്മയമാർക്കുണ്ടാവീലാ?
വിഗണിച്ചാനവനധിപന്മാർ തൻ വാളും വേലും
ധീരതയവനേകി കർത്തൻ

ഗീവറുഗീസിൻ പോരാട്ടം പോലാർക്കുണ്ടായി!
രണ്ടോടെഴുപതു വിധിനാഥർ
വിധി ചെയ്തിട്ടവനല്പവുമിളകാതവരെ വെന്നാൻ
വിജയത്തിൻ മകുടം ചൂടി

ന്യായാധിപരവരോരോന്നായ് കേട്ടേകിയ വിധികൾ
സകലം കൈക്കൊണ്ടീ ധീരൻ
ബന്ധിതനായിട്ടവനെ വച്ചാർ ചാക്രികവാളിൽ
തൻമെയ് പലതായ് ഭേദിച്ചാർ

ബാറെക്മോർ. ശുബഹോ.... മെനഓലം....

ഇവയാലേതും കൂസാതധികം ധീരത പൂണ്ടാൻ
ബലമവനേകിയവൻ വന്ദ്യൻ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവേ...

പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും...

ലോകമെങ്ങുമുള്ള പള്ളികളിലും ദയറാകളിലും, ആദരണീയനായിരിക്കുന്ന പരിശുദ്ധ മാർ ഗീവറുഗീസ് സഹദായുടെ പുകഴ്ചപ്പെരുന്നാളിലേക്ക് ഞങ്ങളെ കൂട്ടിച്ചേർത്തവനും, ഈ പെരുന്നാളിൽ സഭാമക്കളെ സന്തോഷിപ്പിക്കുന്നവനും, ശൈശവം മുതൽ വിശ്വാസം സ്വീകരിച്ച് തന്റെ പിതാവാദിയായവരെ അതു പഠിപ്പിച്ച് സത്യമാർഗ്ഗത്തിലേക്കു തിരിപ്പിക്കുകയും ഇന്ന് സ്വർഗ്ഗത്തിൽ എത്തി ആനന്ദിക്കുകയും ചെയ്യുന്ന വിശ്വാസവീരനായ മാർ ഗീവർഗീസിനെ പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ ശക്തനാക്കിയ സ്വർഗ്ഗീയ ഫലവും അവനെ ദീപസ്തംഭമായി സ്ഥാപിക്കുകയും, പരിശുദ്ധാത്മശക്തിയാൽ സകല രോഗങ്ങളെയും വേദനകളെയും, സുഖപ്പെടുത്തുന്നതിന് അവനെ പ്രാപ്തനാക്കുകയും ചെയ്ത കാരുണ്യവാനുമായ കർത്താവിനു സ്തുതി. തനിക്ക്......
ബ്കുലഹൂൻ........

## ഹൂസോയോ

പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും, ഞങ്ങളുടെ തിന്മകൾ ക്ഷമിച്ച് മായിച്ചു നീക്കുന്നവനും അവയെ ഓർക്കാതിരിക്കുന്നവനുമായ

ദൈവമായ കർത്താവേ! നിന്റെ സ്നേഹകാരുണ്യത്താൽ, എന്റെ കർത്താവേ! എണ്ണപ്പെടുവാൻ പാടില്ലാത്തവണ്ണം വളരെയും വലിയവയുമായ എന്റെ പാപങ്ങളും, വിശ്വാസമുള്ള നിന്റെ സകല ജനത്തിന്റെ പാപങ്ങളും മായിച്ച് ഉത്തമനേ! ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ. ദൈവമായ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നീ ഓർത്തുകൊള്ളണമേ. അതിനാൽ എന്റെ നാഥാ! ഞങ്ങളുടെ മാതാപിതാക്കളുടെയും, സഹോദരീ സഹോദരന്മാരുടെയും, നേതാക്കന്മാരുടെയും, ഗുരുക്കന്മാരുടെയും, മരിച്ചുപോയവരുടെയും, വിശുദ്ധിയും മഹത്ത്വവുമുള്ള നിന്റെ സഭയുടെ മക്കളാകുന്ന വിശ്വാസികളായ സകല മരിച്ചുപോയവരുടെയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമേ. ദൈവമായ കർത്താവേ! അവരുടെ ആത്മാക്കളെയും, അരൂപികളെയും, ശരീരങ്ങളെയും ആശ്വസിപ്പിച്ച് കരുണയും ആർദ്രതയുമാകുന്ന പനിമഞ്ഞ് അവരുടെ അസ്ഥികളിന്മേൽ തളിക്കണമേ. ഞങ്ങളുടെ രാജാവായ മിശിഹാ തമ്പുരാനേ! കർത്താധികർത്താവേ! മഹത്ത്വനാഥാ! നീ ഞങ്ങൾക്കും അവർക്കും പാപപരിഹാരവും, പാപപരിഹാരം ചെയ്യുന്നവനുമായിരിക്കണമേ. എന്റെ കർത്താവേ! ഞങ്ങളോട് ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ തുണയ്ക്കായി എഴുന്നള്ളണമേ. ഞങ്ങളുടെ സഹായത്തിനെത്തി, ഞങ്ങളെ രക്ഷിച്ച് ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമേ. ദൈവമേ! നിന്റെ കരുണയാൽ സകല കഠിനശിക്ഷകളും അകറ്റി മായിച്ചുകളയണമേ. കർത്താവേ! നിന്റെ കാരുണ്യത്താൽ കോപവടികൾ ഞങ്ങളിൽ നിന്ന് വിലക്കി കടത്തിക്കളയണമേ. സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിന് ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ. നിനക്ക് ഇഷ്ടമുള്ളതും നിന്റെ ദൈവത്വത്തിന് യോഗ്യവും, പ്രസാദവുമായ ക്രിസ്തീയപൂർണ്ണത ഞങ്ങൾക്ക് സൗജന്യമായി തരണമേ. നല്ല അവസാനത്തിന് ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശാ... ആമ്മീൻ.

## (സെദറൊ)

കർത്താവേ! ശ്രേഷ്ഠ സഹദായായ മാർ ഗീവറുഗീസിന്റെ ഓർമ്മയെ ഞങ്ങൾ ആഘോഷിക്കുന്നു. ഇവൻ നിന്റെ ആത്മീയ തോട്ടത്തിൽ നല്ല വേലക്കാരനായിത്തീർന്ന് തന്റെ താലന്തിനെ ശരിയായി വ്യാപാരം ചെയ്ത അവന്റെ പെരുന്നാൾ പ്രസിദ്ധമായിരിക്കുന്നു. തന്നിൽ സങ്കേതം പ്രാപിക്കുന്ന രോഗികൾക്കും വൈഷമ്യത്തിലിരിക്കുന്നവർക്കും, താൻ ആശ്വാസത്തിന്റെ തുറമുഖമായിരിക്കുന്നു. ഇവൻ ആപത്തിൽപ്പെട്ടിരിക്കുന്നവരെ കാത്തുരക്ഷിക്കുന്നു. എല്ലാ സ്ഥലങ്ങളിലും എല്ലാവർക്കും സഹായം നൽകുന്നു. സാധുക്കളെ സംരക്ഷിക്കുന്നു. ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കുന്നു. അടിമ

ക്കാരെ വിടുവിക്കുന്നു. ഇവൻ പട്ടിണിക്കാരെ തീറ്റുകയും ദരിദ്രന്മാരെയും അഗതികളെയും സന്തുഷ്ടരാക്കുകയും ചെയ്യുന്നു. ഇവൻ സമുദ്ര സഞ്ചാരികൾക്കു നാവികനും സ്വർഗ്ഗയാത്ര ചെയ്യുന്നവർക്കു ശരിയായ മാർഗ്ഗദർശിയും മോക്ഷത്തിലേക്ക് കരേറുന്നവർക്ക് ഗോവണിയും, സ്വർഗ്ഗീയരാജാവിന്റെ സന്നിധിയിലേക്ക് പോകുന്നവർക്ക് ആത്മീയ വാതിലുമാകുന്നു. ഇവൻ ഞങ്ങൾക്കു വേണ്ടി ദൈവസന്നിധിയിൽ ആത്മീയജാമ്യമാകുന്നു. തിരുസഭയുടെ മക്കളായ സകലരും തന്റെ ആത്മീയപെരുന്നാളിൽ സന്തോഷിച്ച് ആനന്ദിക്കുന്നു. ആകയാൽ ഞങ്ങൾ സന്തോഷത്തോടെ കീർത്തിച്ച് യോഗ്യമായ രീതിയിൽ പുകഴ്ത്തി പറയുന്നു. ശ്രേഷ്ഠനായ മാർ ഗീവറുഗീസ് സഹദാ! നിനക്കു സമാധാനം. കുരിശിന്മേൽ തന്റെ കൈകളെ വിരിച്ച കർത്താവിനെപ്പോലെ തറയ്ക്കപ്പെട്ടവനും സ്വർഗ്ഗീയഫലം നൽകുന്ന കതിരായവനുമായ മാർ ഗീവറുഗീസേ! നിനക്കു സമാധാനം. സന്തോഷകരമായ ഫലങ്ങൾ നിറഞ്ഞ കുലയാകുന്ന മാർ ഗീവറുഗീസേ! നിനക്കു സമാധാനം. ദൈവിക മൂറോന്റെ മുദ്രയായ മാർ ഗീവറുഗീസേ! നിനക്കു സമാധാനം. ഞങ്ങളുടെ ആത്മാക്കളിൽ നിന്ന് തെറ്റിനെ നീക്കിയ ശോഭനമായ കതിരേ! നിനക്കു സമാധാനം. വിഗ്രഹാരാധനയാകുന്ന അന്ധകാരത്തെ ഉന്മൂലനം ചെയ്ത മാർ ഗീവറുഗീസേ! നിനക്കു സമാധാനം. സകല സ്ഥലങ്ങളിൽ നിന്നും പിശാചിനെ ഓടിച്ച മാർ ഗീവറുഗീസേ! നിനക്കു സമാധാനം. പണ്ടേ തന്നെ ഉണങ്ങി കെട്ടിരുന്ന ഉണക്കമരത്തിൽ നിന്ന് ശാഖകളെ പൊടിപ്പിച്ച മാർ ഗീവറുഗീസേ! നിനക്കു സമാധാനം. ചുട്ടുപഴുപ്പിച്ച ഇരുമ്പു ചക്രത്തിനു മീതേ നടന്ന പുണ്യവാനേ! സമാധാനം. നീരുറവയിൽ കിടന്ന മഹാസർപ്പത്തെ വധിക്കുകയും പ്രഭുവിന്റെ പുത്രിയെ രക്ഷിക്കുകയും, ആകൽക്കറുസായുടെ മുള്ളിന്റെ മൂർച്ച കെടുത്തുകയും ചെയ്ത മാർ ഗീവറുഗീസേ! നിനക്കു സമാധാനം. വിധവയുടെ മകനു സൗഖ്യം കൊടുക്കുകയും അവനെ വിശ്വാസിയും, തന്റെ ശുശ്രൂഷക്കാരനുമാക്കിത്തീർക്കുകയും ചെയ്ത പരിശുദ്ധനേ! സമാധാനം. കർത്താവു തന്നെ വീണ്ടും ജീവിപ്പിച്ചതിനാൽ പുറജാതിക്കാരനായ ദിദിയാനോസിനെ ലജ്ജിപ്പിച്ച് അലക്സാന്ത്ര രാജ്ഞിയെ സത്യവിശ്വാസത്തിലേക്കു ചേർത്ത മാർ ഗീവറുഗീസേ! സമാധാനം. വിശ്വാസികളുടെ നല്ല നാമമേ! സമാധാനം. എല്ലാ രക്തസാക്ഷികൾക്കും യോഗ്യമാതൃകയായ മാർ ഗീവറുഗീസേ! സമാധാനം. ഭാഗ്യവാനേ! ഞങ്ങൾ സന്തോഷത്തോടു കൂടി അട്ടഹസിച്ചു പറയുന്നു. സഭയുടെ പോരാട്ടക്കാരിൽ അഗ്രഗണ്യനായ മാർ ഗീവറുഗീസേ! നിനക്കു ഭാഗ്യം. എല്ലാ രക്തസാക്ഷികളുടെയും ഗുരുവും നായകനുമേ! നിനക്കു ഭാഗ്യം. മിശിഹായുടെ ആട്ടിൻകൂട്ടത്തിന്റെ ഉണർവ്വുള്ള കാവൽക്കാരാ! നീ ഭാഗ്യവാനാകുന്നു. ഭൂമിയിലെ എല്ലാ ഭാഗ്യവാന്മാരും നിനക്കു ഭാഗ്യം ചൊല്ലുന്നു. ഞങ്ങളുടെ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ,

പരിശുദ്ധ ഗീവറുഗീസ് സഹദായുടെ ഈ പെരുന്നാളിൽ എല്ലാ അനുഗ്രഹവും നന്മയും സഹായങ്ങളും നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ഞങ്ങൾക്കു നൽകേണമേ. അവന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഞങ്ങൾക്കു തുടരെ സമാധാനവും സുഭിക്ഷതയും ഫലസമൃദ്ധിയും നൽകേണമേ. ഭൂതോപദ്രവവും കൽമഴയും സർപ്പപീഡയും, ചാഴിയും, വെട്ടുക്കിളിയും, ഉഷ്ണക്കാറ്റും, കീടബാധയും ഞങ്ങളിൽനിന്ന് നീക്കണമേ. തക്കസമയത്തു മഴയും മഞ്ഞും എല്ലാ നന്മകളും ഞങ്ങൾക്കുണ്ടാകണമേ. അവന്റെ പെരുന്നാൾ ദിവസം സന്തോഷവും ദുഃഖപരിഹാരവും ഞങ്ങൾക്കു ലഭിക്കേണമേ. പരിശുദ്ധ സഭയിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും കടങ്ങൾക്കു മോചനവും പാപങ്ങൾക്കു പരിഹാരവും സിദ്ധിക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നും സമർപ്പിക്കും. ഹോശാ....

## (സ്ലീബായെ വന്ദിപ്പാനായ്.... എന്നപോലെ)

വിധിഭവനേ ഞാൻ ദർശിപ്പു-ഭീ-കരമേറ്റം
യുവഗീവറുഗീസ് നിപതിതനായ്-ചാക്രവാളിന്മേൽ

മേലും കീഴും-തീയാളീടുന്നു
അംഗം തോറും താഡനമേൽക്കുന്നു

പേടിക്കേണ്ട മുടി ശരിയായ്-ഗീ-വറുഗീസേ!
സാന്ത്വന വചനം ചൊന്നേവം-പരി-ശുദ്ധൻ റൂഹാ
ഹാലേലുയ്യാ-സർവ്വേശൻ സ്തുത്യൻ

ബാറെക്മോർ. ശുബഹൊ....

ഗീവറുഗീസിനെ ദുഷ്ടന്മാർ-പ-രിശോധിച്ചു
ധൈര്യം റൂഹായവനേകി-മാ-താവിനു തുല്യം

പരനൊരു ബലിയായ്-സ്വയമേൽപ്പിച്ചോനേ!
സ്തുത്യൻ വീരാ!-വന്നാലും മോദാൽ

ഖലഭൂപതി നിൻ നാവതിനെ-ഛേ-ദിച്ചെന്നാൽ
പകരം ഞാനുര ചെയ്യും നീ-ചെല്ലുക മടിയെന്യേ
ഹാലേലുയ്യാ-തന്നർത്ഥന കോട്ട

മെനഗാലം...

ഞങ്ങൾ തൻ മൃതരെ നീയോ-ർത്തേകീടാശ്വാസം
ചാർത്തി സ്നാനേ മദ്ബഹായിൽ നിന്നെ ഉൾ-ക്കൊണ്ടോർ

നിൻ ശുദ്ധശരീ-രത്തെ ഭക്ഷിച്ച്
നിൻ രക്തക്കാ-സ പാനം ചെയ്തോർ
അബ്രാഹത്തൊടു നിൻ രാജ്യ-ത്താനന്ദിച്ചാർത്തും
നിൻ വലമായ് നിന്നും, നിന്നെ സ്തോത്രം ചെയ്യേണം.
ഹാലേലുയ്യാ-നൽകീടാശ്വാസം.

മൊറിയൊറാഹം....

## എക്രോ

കർത്താവേ! മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മദിവസം അണയ്ക്കുന്ന ധൂപം നിന്റെ ബഹുമാനമുള്ള സിംഹാസന സന്നിധിയിൽ അംഗീകരിക്കപ്പെടേണമേ. ഇതു മൂലം കടങ്ങളുടെ പരിഹാരവും പാപമോചനവും ഞങ്ങൾക്കു സിദ്ധിക്കേണമേ. പരിശുദ്ധ സഭയിൽ നിന്ന് മരിച്ചുപോയിട്ടുള്ള എല്ലാവർക്കും ആശ്വാസവും നല്ല ഓർമ്മയും നൽകേണമേ. ലോകത്തിന്റെ നാനാഭാഗങ്ങളിലും ശാന്തിയും സമാധാനവും വാഴണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും എന്നും സമർപ്പിക്കും. മോറാൻ വാലോഹാൻ...

## ഏനോനൊ നൂഹറൊ ശാറീറൊ
### (അഗ്ന്യാത്മി... എന്ന രീതി)

തിരുസഭയേ! മോദിച്ചീ-ടുക
മാർ ഗീവറുഗീസിൻ നാളിൽ
സഹദായെ ചേർത്തോരേശു-വിന്
സ്തുതിനാദം ഘോഷിച്ചിടുവിൻ

പരിശുദ്ധാ പ്രാർത്ഥിക്കേണമേ
ശാന്തി വരുത്തീടാനുലകിൽ
ജനതയിലുണ്ടാവാൻ ക്ഷേമം

എല്ലാ ദിക്കുകളിൽ നിന്നും
സ്തുതി സർവ്വേശനുയരേണമെ.

ബാറെക്മോർ, ശുബഹൊ...

വിധിപതിതൻ നികടേ ചേർത്തീടാൻ
ഖലരാ സഹദയെ ബന്ധിച്ചാർ
തൻതുണയാവാവനേശുവിനെ
ഭക്ത്യാ പ്രാർത്ഥിച്ചാനേവം

നിൻ പേർക്കായ് മൃതനാമെന്നിൽ
തുണയായെത്തുക മടിയെന്യേ!
യാചന കേട്ടു പരൻ ചൊന്നാൻ
മുടി ഞാൻ നിൻ തലയിൽ ചൂടും
മണിയറയിൽ മോദിപ്പിക്കും

മെനഗാലം........

പരനേശു സുരപതി രക്ഷകനേ!
നിൻമെയ് ഭക്ഷിച്ചും രക്തം
ഭക്ത്യാ പാനം ചെയ്തും വാങ്ങി-
പ്പോയോർക്കേകണമേ സ്മരണ

ഏറ്റണമവരെ നിൻ മോക്ഷേ
ശുഭമേറും സിദ്ധർക്കൊപ്പം
സ്തുതിയവരെന്നും പാടണമേ
സതതം നിന്നെ കീർത്തിക്കും
വാനവദൂതന്മാർക്കൊപ്പം.

## പെസ്ഗോമോ

ഹാലേ... ഹാലേ... നിന്നെ പ്രതി വധമേറ്റു നിത്യം ഞങ്ങൾ
കൊല്ലാനുള്ളാടുകളായ് ഞങ്ങളെയെണ്ണുന്നു. ഹാലേ.....

## ഏവൻഗേലിയോൻ

(വി. മത്തായി 10:16-33)

## ധൂപപ്രാർത്ഥന

## (കുക്കിലിയോൻ)

മക്കളിലപ്പൻ കൃപ ചെയ്വതു പോലെ ഹാലേലൂയ്യാ....
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനും തുല്യം നരനുടെ നാൾകളഹോ ഹാലേലൂയ്യാ...
പൂക്കുന്നിതു വയലിൽ പൂച്ചെടി പോലെ

ബാറെക്മോർ ശുബഹോ.... മെനഗാലം...

## എക്ബൊ

(ല് അബ്ദൈക് ദശ്കെബ്)

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറിനുദ്യാനത്തിനായ്

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## ഗ്നീസാ

അല്ലെങ്കിൽ

## (ത്രൈഹൂൻഒൽമെ)

നാഥാ! താവകമിരുലോകം
നിന്നധികാരം താനെങ്ങും
സ്ലീബായാൽ ജീവിതരെ കാ-
ത്തൻപാൽ മുക്തി മൃതർക്കേകെ

ശുബഹോ...

സ്തോത്രം മൃതജീവപ്രദനേ!
കബറിന്നേറ്റീടുന്നോനേ!
നിൻ പ്രേക്ഷകതാതനുമമലൻ
റൂഹായ്ക്കും ഹാലേലുയ്യാ.

മൊറിയൊറാഹേം....

## മാർ യാക്കോബിന്റെ ബോവൂസൊ

ഞങ്ങൾക്കായ് നീ പ്രാർത്ഥിച്ചീടുക മാർ ഗീവറുഗീസ്
കർത്തൻ കേട്ടിങ്ങേകീടണമേ നീതികരണം.

ജ്ഞാനികൾ കേൾപ്പിൻ-ഗീവറുഗീസിന്നത്ഭുതവാർത്ത
പരനെയേതൊരു-പീഡകളാൽ താൻ പ്രീണിപ്പിച്ചു

ദുഷ്ടന്മാർതൻ കോടതി തന്നിൽ നിന്നാൻ സിദ്ധൻ
തീയോ വാളോ തടയാനവനെ മതിയായില്ല

മാർ ഗീവറുഗീസ് തൻ പ്രാർത്ഥനായാ-ലെങ്ങൾക്കെല്ലാം
കോപത്തിന്റെ ശിക്ഷകളഖിലം-നീക്കീടണമേ.

തൻ പെരുന്നാളിതു കുതുകത്തോടെ-കൊണ്ടാടീടാൻ
ആഗോള സമാധാനം ധരയിൽ ചേർത്തീടണമേ

വിശ്വാസത്തോടു നിൻ സങ്കേതം-ചേർന്നോരീന്നും
നിൻ പ്രാർത്ഥനയാൽ നീങ്ങീടട്ടെ-വൈഷമ്യങ്ങൾ.

**കൗമാ**

**(കാദീശാത്ത് ആലോഹൊ മ് കദ്ശോനൊ)**

ശുദ്ധരെ ശു-ദ്ധരതാക്കും ദേവേശാ പരിശുദ്ധൻ നീ
ശക്തരെ ശക്തരതാക്കും ബലവാനേ പരിശുദ്ധൻ നീ
ശുദ്ധി വിശുദ്ധർക്കായേകീടും മൃതിയില്ലാത്ത വിശുദ്ധൻ നീ
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്തീ-ടണമേ

(മൂന്നു പ്രാവശ്യം)

നാഥാ കൃപ ചെയ്തീട-ണമേ
നാഥാ കൃപ ചെയ്കനിവാ-ലെ
നാഥാ കർമ്മവുമർത്ഥനകളുമേറ്റിട്ടവയാൽ
കൃപ ചെയ്തീടണമേ.

സ്തോത്രം തേ ദേവേശാ!
സ്തോത്രം തേ സ്രഷ്ടാവേ!
സ്തോത്രം പാപികളടിയാരിൽ
കൃപ ചെയ്തീടും-മശിഹാ രാജാവേ! ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

# സൂത്താറാ നമസ്കാരം

## (ഒരു കൗമാ)

(അനുതാപത്തിന്റെ കോലോ)
(മെൻഹൗബൈ മോർ ദോഹെൽനൊ)

പരിശുദ്ധന്മാർക്കായ് കാക്ക-
പ്പെടുമുദ്യാനം-പൂകായ്വാനെന്നെ

വേലിക്കൊപ്പം-നേർക്കുന്നെൻ
കടമോർത്തുണ്ടു ഭയം നാഥാ!

നരകത്തീന്നെന്നേയേറ്റി
പാർപ്പിക്കുക നിൻ-ഹിതമൊത്താ ദിക്കിൽ

ബാറെക്മോർ. ശുബഹോ.... മെനഓലം...

രക്ഷകനേശു മഹാരാജാ!
സ്തുതി ചെയ്യുന്നേൻ അനുതാപക്കാർ മുൻ

നിൻ വാതിൽ തുറന്നീടുന്നു
എല്ലാ നന്മയുമേകും നിൻ

നന്ദുനിയാവാനെന്നെ നിൻ
നൽവരമേകി-സന്തോഷിപ്പിക്ക.

മൊറിയോറാഹേം.......

## മാർ ബാലായിയുടെ ബോവൂസാ

(ഹോയെൻ ല്ഹാത്തോയ്)

പാപം ചെയ്തോ-രോ-ടാർദ്രതയുള്ളോനേ
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ

ആർത്തന്മാർ വാതിൽ മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ

വാനവനാം താതാ-യാചിക്കുന്നടിയാ
രീക്കർമ്മം കൈക്കൊ-ണ്ടാർദ്രത തോന്നണമേ

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഇക്കർമ്മം കൈക്കൊ-ണ്ടാർദ്രത തോന്നണമേ.

കുറിയേലായിസോൻ.... കുറിയേ... കുറിയേ...

## 91, 121 മസുമുറാകൾ

ബാറെക്മോർ. അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ... (പേജ് 188, 191 കാണുക)

ശുബഹോ......

ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ.

മെനഓലം വാദാമ്മൊ ല ഓലം ഒൽമ്മീൻ. ആമ്മീൻ.

## അപേക്ഷ

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ!..... (പേജ് 210 കാണുക)

## ക്രോബേന്മാരുടെ കൗമ്മാ

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളോടു കരുണയുണ്ടാകേണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കു വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കു വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

കൃപ നിറഞ്ഞ മറിയമേ....

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായ....

ബാറെക്മോർ. സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

(ഇവിടെ ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും പട്ടക്കാരുടെയും കുക്കിലിയോനുകൾ, ഹൂത്തോമൊ മുതലായവ ചൊല്ലിയതിനുശേഷം)

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

കൃപ നിറഞ്ഞ മറിയമേ...

**ഒരു കൗമാ**

# പ്രഭാത പ്രാർത്ഥന

**(ഒരു കൗമാ)**

പട്ടക്കാരൻ:- ശുബഹോ....

പ്രതിവാക്യം:- ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

കർത്താവേ! നിന്നിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും സകലത്തെയും ഉപേക്ഷിച്ച് നിന്നെ പിന്തുടരുകയും ചെയ്ത മാർ ഗീവറുഗീസ് സഹദായുടെ ഈ പെരുന്നാളിൽ വന്നുകൂടിയിരിക്കുന്ന നിന്റെ സഭാമക്കളെ അനുഗ്രഹിക്കേണമേ. അവൻ അവിശ്വാസികളായ ക്രൂരരാജാക്കന്മാരുടെയും അധികാരികളുടെയും മുമ്പിൽ ധീരതയോടെ നിന്നെ സാക്ഷിക്കയും, നിന്നിലുള്ള വിശ്വാസം നിമിത്തമുണ്ടായ കഠിന പീഡകളെയും, മരണത്തെയും സഹിക്കുകയും ചെയ്തതുപോലെ നിന്റെ വിശ്വാസത്തിലും, സുകൃതജീവിതത്തിലും ഉറച്ചു നിന്ന്, നിന്നെ സ്വജാതിയരിലും വിജാതിയരിലും സാക്ഷിപ്പാനും, നിന്നെ എല്ലാവിധത്തിലും പ്രസാദിപ്പിക്കുവാനും, നിന്റെ പരിശുദ്ധ സാക്ഷികളെപ്പോലെ നിന്റെ മോക്ഷത്തിൽ വന്ന് ആനന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഹോശോ....

## 51-ാം മസുമൂർ

ദൈവമേ നിന്റെ കൃപ പോലെ.... (പേജ് 186 കാണുക)

## ആത്ത് ദബ് സുൽത്തൊാമറിയാം

(മോദം ഭുസ്വർഗ്ഗ......)

ഗീവറുഗീസ് സഹദായെ-ബലമേകി അയച്ചോൻ നാഥാ!
സാത്താനോടു പോർ-ചെയ്‌വാനേകുക ബലമിവരിൽ
ദേവേശാ! നൽകുക കാരുണ്യം

സഹദാ ഗീവറുഗീസിൻ-യാചനയാൽ യുദ്ധം മാരി
എന്നിവയിൽ നീ-ന്നെങ്ങടെ ദേശം രക്ഷിക്ക
ദേവേശാ! നൽകുക കാരുണ്യം

നിന്നെ പ്രതി ദണ്ഡങ്ങൾ-ഏറ്റോനാമീ സഹദായെ
അത്ഭുതദാനാൽ-ധന്യനതാക്കി ചെയ്തവനേ!
ദേവേശാ! നൽകുക കാരുണ്യം

ബാറെക്മോർ. ശുബഹൊ... മെനഓലം...

പാതകജീർണ്ണിതനാദം-തൻ ജനേ കൃപ ചെയ് നാഥാ
ഉയിരതിനേകി-നിൻ വലഭാഗത്തേറ്റണമേ.
ദേവേശാ! നൽകുക കാരുണ്യം

കുറിയേലായിസോൻ

## 63-ാം മസുമൂറാ

എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 188 കാണുക)

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ.... മെനഓലം...

## ഹാവ് ഉഹദോനേ (ദേവേശാ മശിഹാ...)

മാർ ഗീവറുഗീസ്-തൻ സ്മൃതിയെ ഏറ്റം
കൃപയൊടു ബഹുമാനിച്ചോനേ!
മിശിഹാ ദേവാ നിൻ സവിധേ
വന്നോ-നെന്നിൽ കൃപ ചെയ്ക

ദുഷ്ടന്മാരാൽ-പീഡകളേല്പാനീ
വീരനു ശക്തി കൊടുത്തോനേ!
മിശിഹാ ദേവാ നിൻ സവിധേ
വന്നോ-നെന്നിൽ കൃപ ചെയ്ക

ആർക്കായ് വാളും-ദാരുണ പീഡകളും
മാർ ഗീവറുഗീസന്നേറ്റു
മിശിഹാ ദേവാ നിൻ സവിധേ
വന്നോ-നെന്നിൽ കൃപ ചെയ്ക

സഹദാ തന്നിൽ-പ്രാഭവമുടി ചാർത്തീ-
ട്ടവനായ് മുക്തി കൊടുത്തോനേ!
മിശിഹാ ദേവാ നിൻ സവിധേ
വന്നോനെന്നിൽ കൃപ ചെയ്ക

ബാറെക്മോർ. ശുബഹോ... മെനഓലം...

നേരിട്ടെല്ലാ പീഡകളിൽ നിന്നും
ആത്മബലാലവനെ കാത്തോൻ
മിശിഹാദേവാ നിൻ സവിധേ
വന്നോനെന്നിൽ കൃപ ചെയ്ക

കുറിയേലായിസോൻ

## 19-ാം മസുമൂറാ

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു.... (പേജ് 185 കാണുക)

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ... മെനഓലം....

## ശ്മയോമ്ദീത്തൊദ് മാലാഖേ

(മിശിഹാ ജീവിച്ചെഴുന്നേറ്റു... എന്ന രീതി)

ജയശാലി വീരൻ ശ്രേഷ്ഠൻ-ഗീവറുഗീസേ! ധന്യൻ നീ
കർത്തനെ സ്നേഹിച്ചതു മൂലം-നിന്നോർമ്മ താൻ ഘോഷിച്ചാൻ

രണ്ടോടെഴുപതു വിധിനാഥർ-നിൻവിധിയെ പ്രസ്താവിച്ചു
ശ്രേഷ്ഠൻ മാർ ഗീവറുഗീസേ-നിൻ പ്രാർത്ഥന കോട്ടയുമഭയം

നിൻ മൃതി ദിവസം പള്ളികളും-ദയറാകളുമാഘോഷിപ്പൂ
ദുഷ്ടപ്പരിഷയിൽ നിന്നവ നിൻ-പ്രാർത്ഥനയാൽ രക്ഷ നേടും.

ഗീവറുഗീസ് തൻ പ്രാർത്ഥനയാൽ ലോകനിവാസികളിൽ നിന്നും
ശിക്ഷകൾ കോപത്തിൻ ദണ്ഡും-നിഖിലേശാ നീക്കീടേണം.

തൻ പെരുന്നാളാഘോഷിക്കും-ദിശയിൽ ശാന്തി വസിച്ചീടാൻ
സഹദാ യാചിപ്പതുപോലെ-തൻ നാഥൻ ചെയ്തീടട്ടെ

ബാറെക്മോർ. ശുബഹോ... മെന്ഓലം...

വൈരികളോടടരാടുമ്പോൾ-ബലമവനേകിയ പരനേശു
തന്നെ വാഴ്ത്തിപ്പാടീടാൻ-ഞങ്ങൾക്കേകണമേ ശക്തി.

കുറിയേലായിസോൻ

## ഏശായ 42:10-13, 45:8

കർത്താവിന് ഒരു പുതിയ പാട്ടും... (പേജ് 202 കാണുക)

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ...മെനഓലം....

## "ആത്ത് ദബറീശീസ്" എന്ന രീതി

ഈശ്വരനേകൻ-തൻഗീരാലുളവാം ലോകം
പീഡിപ്പോർ തൻ-മുൻ ഘോഷിച്ചതു ഗീവറുഗീസ്
വന്ദ്യൻ നീയെന്നും-ഞങ്ങടെ താതരുടെ-കർത്താവാം ദേവാധീശാ.

സിദ്ധൻ കരുതി-വ്യഥ പരിമളമായ് മരണത്തെ
നിന്ദിച്ചാട്ടി-ക്കൊണ്ടുച്ചസ്വരമായ് ചൊന്നാൻ
വന്ദ്യൻ നീയെന്നും-ഞങ്ങടെ താതരുടെ-കർത്താവാം ദേവാധീശാ.

ബാറെക്മോർ. ശുബഹോ... മെനഓലം....

പീഡയുമടിയും-വിശ്രമസുഖമായ് കൈക്കൊണ്ടാൻ
മോദത്തോടെ-മശിഹായോടേവമുരച്ചാൻ
വന്ദ്യൻ നീയെന്നും-ഞങ്ങടെ താതരുടെ-കർത്താവാം ദേവാധീശാ. ആമ്മീൻ

## 113-ാം മസുമൂറാ (1-9 വരെ)

പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി... (പേജ് 190 കാണുക)

## 148, 149, 150 മസുമൂറാകൾ

ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ... (പേജ് 193 കാണുക)

## "ബ്ഏദൊൻസഹറൊ" എന്ന രീതി

പ്രഭയാത്മീയം-വീശീടും ദീപികയാലെ
ഗീവറുഗീസ് സഹദാ-ചൊന്നാനിതു ശോഭിതനായ്
സ്തോത്രം തേ ദേവേശാ

നിൻ നാഥന്റെ-നൂതനമാകും തേജസ്സാൽ
ദുഷ്ടന്മാരെ നീ-വെന്നിട്ടിതു കീർത്തിച്ചു
സ്തോത്രം തേ ദേവേശാ.

മാർ ഗീവറുഗീസ്-തൻ ദിനമിതിലെല്ലാ പേരും
നാവുകളും മോദാൽ-സ്തുതിഗാനം പാടുന്നു
സ്തോത്രം തേ ദേവേശാ.

വേദനയേറ്റും-ചക്രത്തിൽ വച്ചു ദുഷ്ടർ
മാർ ഗീവറുഗീസ്-ഏറ്റാനതിവൈഷമ്യം
സ്തോ-ത്രം തേ ദേവേശാ.

ബാറെക്മോർ. ശുബഹോ... മെനഓലം...

കർത്താവേശു!-ഗീവറുഗീസ് തന്നോർമ്മദിനം
ഇവരെ നിൻ പ്രഭയിൽ-മുക്തിക്കർഹരാക്കേണം
സ്തോ-ത്രം തേ ദേവേശാ.

**മറ്റൊന്ന്**

(മ്ശബഹിൻ ലൊക്മൊറിയോ... എന്ന രീതി)

ഗീവറുഗീസിനുടെയും-തൻഗണമതിനുടെയും
യാചനയാലെങ്ങൾ-മോക്ഷം നേടണമേ.

ബാറെക്മോർ. ശുബഹൊ... മെനഓലം...

സഹദാ നിൻ ദിനമാ-ഘോഷിക്കും സഭ തൻ
സുതരിൽ ശുഭമേകാൻ-പരനൊടു യാചിക്ക
കുറിയേലായിസ്സോൻ

## മത്തായി 5:3-12 വരെ

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ... (പേജ് 202 കാണുക)

ബാറെക്മോർ.

ശുബഹോ... മെനഓലം...

## മോശാപ്പിറുവോ..... എന്ന രീതി

1. ഹാ! ബഹുകാമ്യം ഹൃദ്യം-സഹദാ ഗീവറുഗീസിന്നോർമ്മ
തൻ പ്രാർത്ഥനയാലിവരിൽ-നിൻ കാരുണ്യം
പാപവിനാശം-നൽകണമിവ സതതം ദേവാ

2. പാരം ശ്രദ്ധേയമതാം-മാർ ഗീവറുഗീസ് തന്നുടെ വാക്യം
നിന്നെ പ്രതി മൃതി പൂണ്ടിടുമെ-ന്നുതവിയ്ക്കായ് നീ
എഴുന്നള്ളീടുക-യേശുനാഥാ വിധിഗേഹേ.

3. ദയനീയം നരപതി തൻ-ദുഷ്ടഭടന്മാർ സഹദാ തന്നെ
നിഷ്കരുണം പീഡിപ്പിച്ചാർ-സിദ്ധൻ തന്റെ
പ്രാർത്ഥന മൂലം-വാഴണമുലകിൽ നൽശാന്തി

പട്ടക്കാരൻ:- ശുബഹൊ വീക്കോറൊ വ്സെഗ്ത്തോ വ്റാബു സോയോയൂസോ നെശ്ത്ത്വേ ദ്നാസേക്ക് ലാബോ വ്ലബ്രോ വല്റൂഹോ കാദീശോ.

ജനം:- മെനഗാലം.......

4. ഹാ! ബഹുയോഗ്യം വന്ദ്യം-നിന്നോർമ്മദിനം ഗീവറുഗീസേ!
ഭൂസ്വർഗ്ഗങ്ങൾ മോദിച്ചു-പോരാട്ടത്തിൽ
ബലമങ്ങേയ്ക്കായ്-തന്നോനെ വന്ദിക്കുന്നു

സ്തൗമെൻകാലസ്-കുറിയേലായിസ്സോൻ

## പ്രുമിയോൻ

പട്ടക്കാരൻ: നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവേ...

പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും...

സഹദേന്മാരെ കിരീടം ധരിപ്പിക്കുന്നവനും, പോരാട്ടക്കാരെ ശ്രേഷ്ഠരാക്കുന്നവനും, പിശാചുക്കൾക്കും അവിശ്വാസികളായ രാജാക്കന്മാർക്കും അധികാരികൾക്കുമെതിരായി വിശ്വാസത്തിനുവേണ്ടി പോരാട്ടം ചെയ്തു വിജയം നേടുന്നതിന് മാർ ഗീവറുഗീസ് സഹദായ്ക്ക് ശക്തി നൽകിയവനും, അവന്റെ പെരുന്നാളുകളും പ്രാർത്ഥനകളും വിശ്വാസികൾക്ക് സങ്കേത സ്ഥാനമാക്കിത്തീർത്തവനുമായിരിക്കുന്ന കർത്താവിനു സ്തുതി. തനിക്ക്... ബ്കുലഹൂൻ...

## ഹൂസോയോ

പാപപരിഹാരം നൽകുന്നവനും............

## സെദറൊ

കർത്താവേ! പരിശുദ്ധനായ മാർ ഗീവറുഗീസ് സഹദായുടെ സാക്ഷിമരണത്തിന്റെ ഈ ഓർമ്മപ്പെരുനാളിൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവന്റെ പ്രാർത്ഥന മൂലം അവന്റെ പെരുന്നാളിനെ ഭക്തിയായി കൊണ്ടാടുന്ന ജനസമൂഹത്തെ വാഴ്ത്തേണമേ. വിശ്വാസികളെ ഉപദ്രവിച്ചവർക്കെതിരായി ധീരതയോടെ നിന്നതിനാൽ അവനെ അവർ നിർദ്ദയം പീഡിപ്പിച്ചു വധിച്ചു. നിന്നെ പ്രതിയുള്ള കഷ്ടതകളും മരണവും നിമിത്തം നിന്റെ സന്നിധിയിൽ അവൻ ഒരു സൗരഭ്യവാസനയുള്ള ബലിയായി സമർപ്പിക്കപ്പെട്ടു. അവന്റെ രക്തം സഭയ്ക്കു വളമായിത്തീർന്നു. അവന്റെ ഓർമ്മയും തിരുശേഷിപ്പും, പ്രാർത്ഥനയും മൂലം വിശ്വാസികളായ ഭക്തജനത്തിന് സുഭിക്ഷിതയുള്ള കാലങ്ങളും, ശരിയായ സമാധാനവും ഉണ്ടാകണമേ. പരിശുദ്ധ സഭയിൽ അവന്റെ പെരുന്നാളാഘോഷം നീണാൾ നിലനിൽക്കണമേ. അവന്റെ പ്രാർത്ഥന സഭയ്ക്ക് പ്രബലമായ കോട്ടയും സഭാമക്കൾക്ക് അനുഗ്രഹവും ആകേണമേ. കർത്താവേ! നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തുദിവസം നിന്റെ പരിശുദ്ധന്മാരോടും മാർ ഗീവറുഗീസ് സഹദായോടുമൊന്നിച്ച് ഭാഗ്യം പ്രാപിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമേ. ഹോശോ...

## കോലോ

("ലോക്മൊറിയോ കോറേനാൻ")

മേടം മൂന്നോടിരുപതിലല്ലോ പെരുന്നാൾ
മാർ ഗീവറുഗീസ് തൻ പേർക്കായ് സഭയിൽ പ്രതിവർഷം
യേശുതൻ വിശ്വാസത്താൽ മാറ്റലരോടായ്
വീറോടാടി പോരിൽ ജയമകുടം പ്രാപിച്ചാൻ

തൻ പെരുനാൾ-ഘോഷിക്കും ദിക്കിൽ
വൈഷമ്യം-പാടെ നീങ്ങിടും
നാഥനൊടിതിനായ് സാദരമാ സഹദാ പ്രാർത്ഥിച്ചു

ബാറെക്മോർ. ശുബഹൊ...

സന്ധികളോടസ്ഥികളെ വിച്ഛേദിക്കും
ശസ്ത്രമതേറ്റൊരു ഗിവറുഗീസ് ചൊന്നാൻ സ്വയമേവ
സന്താപമിതെന്തിനു മനമേ നിൻ ക്ലേശമതും
നീചജനം നിൻ നാഥനെ നിഹനിച്ചു-കുരിശിന്മേൽ

നിൻ പേർക്കായ്-താനും വധമേറ്റാൻ
നിൻ രക്ഷയ്ക്കായ് കല്ലറ പൂകി
വാനവരാജൻ സ്തുതി പാടീടുക നീ-യതിധൈര്യാൽ

മെന്ഓലം...

തൻ ശുദ്ധശരീരം ഭക്ഷിച്ചുയിരേകും
രക്തം പാനം ചെയ്ത മൃതർക്കായ് നാം പ്രാർത്ഥിക്ക
അഴിവില്ലാലോകത്തവർതൻ ദേഹികൾ മേലും
പാപതമസ്സാത്മാക്കളിലും വാഴായ്‌വാൻ തന്നെ

അവരാത്മാ-ക്കളെ നീക്കിയ നാഥാ
ഏറ്റവർ ചൊന്നാർ നിൻ സ്ക്കീപ്പായെ
നിൻ വലഭാഗത്തു നിറുത്തീടേണം നീയവരെ

മൊറിയോറാഹേ......

## എത്രോ

നിന്റെ കാൽച്ചുവടുകളെ പിന്തുടർന്ന് നിന്നെപ്രതി അവിശ്വാസികളായ അധികാരികളാൽ വധിക്കപ്പെട്ട മാർ ഗീവറുഗീസ് സഹദായുടെ മരണം യാഗാർപ്പണം പോലെ സ്വീകരിച്ച കർത്താവേ! അദ്ദേഹത്തിന്റെ ഓർമ്മയെ ആദരവോടെ ആഘോഷിക്കുന്ന നിന്റെ ദാസർ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഈ ധൂപത്തെ പ്രീതിയോടെ സ്വീകരിക്കേണമേ. അവന്റെ പ്രാർത്ഥന മൂലം ഞങ്ങൾക്ക് വിശ്വാസസത്യത്തിൽ ഉറച്ച നിലയും സുകൃതജീവിതത്തിനുള്ള താല്പര്യവും നൽകണമേ. വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവർക്ക് ആശ്വാസവും നിന്റെ തിരുസന്നിധിയിലെ ആനന്ദവും നൽകണമേ. ഞങ്ങളും അവരും പരിശുദ്ധ സഹദായോടൊന്നിച്ച് അവസാനം നിന്റെ മോക്ഷത്തിൽ ആനന്ദിക്കയും, സഹദേന്മാരുടെ മാതൃകയും അവരുടെ സഹായകനുമായ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും എന്നും സ്തുതി പാടുകയും ചെയ്യുമാറാകേണമേ. മോറാൻ വാലോഹാൻ...

## കോലോ

(മൊറിയൊമോറാൻ)

കർത്താവേശു-ഗീവറുഗീസ് മൃതി കൈക്കൊള്ളാൻ
പോകും മുമ്പായ്-യാചിച്ചതുപോലെ
കർത്തൻ ചൊന്നാൻ-നിന്നോർമ്മയെ ബഹുമാനിക്കും
ഭക്തന്മാർക്കും-വന്നീടാ ദോഷം
രോഗം നാശം-ശത്രു ഗണം ഭൂതപ്പീഡ
എന്നിവയെല്ലാ-മവനെ വിട്ടോടും
ദേവാ ഞങ്ങൾ-തൻ പെരുനാൾ ഘോഷിച്ചതിനാൽ
ഇവിടെ നിന്നും-നീക്കണമേ ദോഷം

ബാറെക്മോർ. ശുബഹോ...

യേശുനാഥാ! ഗീവറുഗീസ് തന്നോർമ്മയിതിൽ
പാരും വാനും-സന്തോഷിച്ചീടും
നാനാഭാഗേ-സഭയും മക്കളുമാമോദാൽ
സഹദയെ നൽകിയ-കർത്തനെ വന്ദിക്കും
തന്നർത്ഥനയാ-ലവനുടെ പീഡകളെയോർത്ത്
നീക്കീടണമേ-നിൻ ശിക്ഷകളെല്ലാം
നാഥാ! നിന്റെ-ദയവാലേകണമേ ശാന്തി
നിൻ സഭയതിലും-നാനാദേശത്തും

മെന്ഓലം....

ഗോഗുൽത്തായിൽ-നിജ നാദത്തിൻ ഘോഷത്താൽ
പാറ പിളർന്നോൻ-വീരൻ സർവ്വേശാ
നിന്നുടെ ശബ്ദം-മൃതരെ വിഴുങ്ങും പാതാളേ
കേൾപ്പിച്ചവരെ-എഴുന്നേല്പിക്കേണം
ആയവരുയിർത്ത്-മൃതി പൂണ്ടോർക്കുയിരേകും നിൻ
കാരുണ്യത്തെ-എന്നും വാഴ്ത്തീടും
താതസുതാത്മാ-വാം സർവ്വേശാ നീയെന്നും
സംസ്തുത്യൻ താൻ-ഇരുലോകങ്ങളിലും

## പെസ്ഗോമാ

ഹാലേ... ഹാലേ.... ശ്രേഷ്ഠന്മാരെ നമ്പുന്നതിനേക്കാൾ
ദൈവത്തെ നമ്പുന്നതു നന്നേറ്റം. ഹാലേ...

## ഏവൻഗേലിയോൻ

(വി. ലൂക്കോസ് 12:1-12)

## കുക്കിലിയോൻ (പൊതുവായത്)

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാലേ...
നിൻ വലമായ് രാജഭാമിനിയും
നയവാൻ പന പോലെ തളിർത്തിടുമേ ഹാലേ..
വളരുമവൻ ലെബനോൻ കാരകിൽ പോൽ

മക്കളിലപ്പൻ കൃപ ചെയ്‌വതു പോലെ ഹാലേ...
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.
ബാറെക്മോർ. ശുബഹൊ... മെനഓലം....

## എക്ബാ

സ്തുതി ദൈവത്തിനുയരത്തിൽ
തൻ മാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക
സ്തൗമെൻ... കുറിയേ...

## കോലോകൾ

(ശ്ലോമ്മേ ദാബോ)

താതൻ ശ്ലോമ്മോ ഗബ്രീയേൽ
മൂലം മേലീന്നാ ധന്യ
മറിയാമിനു നൽകപ്പെട്ടു
തീപൂണ്ടോൻ വായിൽ തിങ്ങും
ശ്ലോമ്മോ ചൊന്നാൻ “നാഥൻ നിൻ
കൂടെ, തന്നുദയം നിന്നിൽ”
ബാറെക്മോർ. ശുബഹോ......

ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കുറേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധസഭയ്ക്കും ശ്ലോമ്മോ

മെനഗാലം....

നാം ദൈവസുതന്മാരാവാൻ
ആയുഷ്ക്കാലത്തിൽ ചൊല്ലി-
ത്തന്ന താതരെ ഓർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-രൊന്നിച്ചേകുമവർക്കാശ്വാ-
സം സ്വർഗ്ഗേ പുത്രൻ ദൈവം

മൊറിയോ....

## മാർ യാക്കോബിന്റെ ബോവൂസൊ

ഞങ്ങൾക്കായ് നീ പ്രാർത്ഥിച്ചീടുക മാർ ഗീവറുഗീസ്
കർത്തൻ കേട്ടിട്ടേകീടട്ടെ നീതികരണം

യേശു തന്നുടെ പ്രേമരസത്തെ പാനം ചെയ്താൻ
മാർ ഗീവറുഗീസ് അതിനാലേറ്റം മദവും പൂണ്ടാൻ

ദിദിയാനോസിൻ വാളിനു സഹദാ കൂസിയതില്ല
ദുഷ്ടന്മാരാം വിധിപതികളെയും പേടിച്ചില്ല

അജ്ഞതയിൽ നിന്നവനെ ചേർത്തൊരു താതൻ വന്ദ്യൻ
സഹദായായിട്ടവനെ ചെയ്തൊരു പുത്രൻ സ്തുത്യൻ.
പാരം ശ്രേഷ്ഠതയവനിൽ ചേർത്തൊരു റൂഹാ പൂജ്യൻ
ഞങ്ങൾക്കവനുടെ പ്രാർത്ഥന കോട്ടയതാക്കണമീശൻ
വിശ്വാസത്തോടു നിൻ സങ്കേതം ചേർന്നോനെല്ലാം
നിൻ പ്രാർത്ഥനയാൽ നീങ്ങീടണമേ വൈഷമ്യങ്ങൾ.

**കൗമാ** (കാദീശാത്ത് ആലോഹോ)

ശുദ്ധൻ നീ ആലോഹോ ഹാലേലുയ്യാ
ശുദ്ധൻ നീ ബലവാനേ! കുറിയേലായിസ്സോൻ
ശുദ്ധൻ നീ മൃതിഹീനാ! ക്രൂശേറ്റോനേ കൃപ ചെയ്തീടേണമേ.

(മൂന്നു പ്രാവശ്യം)

കർത്താവേ! കൃപ ചെയ്യണമേ-ഹാലേലുയ്യാ
കർത്താവേ! കൃപ ചെയ് കനിവാൽ-കുറിയേലായിസോൻ
കർത്താവേ! കർമ്മാർത്ഥനകളെ ഏറ്റിട്ടവയാൽ
കൃപ ചെയ്തീടണമേ.

സ്തുത്യൻ നീ ആലോഹോ! ഹാലേലുയ്യാ
സ്തുത്യൻ നീ സ്രഷ്ടാവേ! കുറിയേലായിസോൻ
സ്തുത്യൻ നീ പാപികളടിയാരിൽ-കൃപ ചെയ്തീടും
മശിഹാ-രാജാവേ! ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...
കൃപ നിറഞ്ഞ മറിയമേ...

# മൂന്നാം മണിയുടെ നമസ്കാരം

### ഒരു കൗമാ

സ്തൗമെൻകാലൊസ് കുറിയേലായിസോൻ

### പ്രുമിയോൻ

പട്ടക്കാരൻ: നാമെല്ലാവരും പ്രാർത്ഥിച്ച്....
പ്രതിവാക്യം: അനുഗ്രഹിക്കുന്നവനായ കർത്താവേ...
പട്ടക്കാരൻ: സ്തുതിയും സ്തോത്രവും...

രക്ഷാകരമായ വിശ്വാസത്തെ ഭൂമിയിൽ വിതച്ചവനും, അതിനെ സ്വീകരിപ്പാൻ എല്ലാവരെയും പ്രേരിപ്പിച്ചവനും, തന്റെ വിശ്വാസത്തിൽ ചേർന്നവരെ എല്ലാവിധത്തിലും സഹായിച്ചവനും, ലോകത്തെയും കുടുംബത്തെയും ഉൽക്കൃഷ്ടമായിരുന്ന ജോലിയെയും ഉപേക്ഷിച്ച് തന്നിൽ വിശ്വസിക്കയും, തന്റെ കുരിശെടുത്ത് പിന്നാലെ വരികയും ചെയ്ത മാർ ഗീവറുഗീസ് സഹദായെ വിശ്വാസധീരനാക്കുകയും, ലോകമൊക്കെയിലും തന്റെ വിശ്വാസം പ്രചരിപ്പിക്കുവാനും അതിനുവേണ്ടി കഷ്ടതകളും മരണവും സഹിപ്പാനും അവനെ പ്രാപ്തനാക്കുകയും ചെയ്തവനുമായ കർത്താവിനു സ്തുതി. തനിക്ക്... ബ്കുല്ഹൂൻ.... ആമ്മീൻ.

### സെദറൊ

രക്തസാക്ഷിക്കാരുടെ മാതൃകയാകുകയും രക്തച്ചൊരിച്ചിലാൽ ലോകത്തെ രക്ഷിക്കുകയും സകല പാപികളുടെയും രക്ഷയ്ക്കായി തന്റെ രക്തം യാഗമായി സമർപ്പിക്കുകയും ചെയ്ത ദൈവപുത്രാ! മാർ ഗീവറുഗീസ് സഹദാ നിന്നിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും അനിത്യമായ ഈ ലോകത്തിലെ വേലയും, പ്രതാപവും, നിസ്സാരമായി എണ്ണുകയും, നിന്നെ സ്നേഹിച്ച് സ്വർഗ്ഗീയ ആനന്ദം അനുഭവിപ്പാൻ നിശ്ചയിക്കുകയും ചെയ്തു. അതിനാൽ സൈന്യത്തലവനായിരുന്ന താൻ തന്റെ പ്രവർത്തനത്തെ

ഉപേക്ഷിച്ച് വിശ്വാസത്തിൽ രണവീരനായിത്തീരുകയും, ആത്മീയായുധങ്ങളാൽ പിശാചിനോടും അവന്റെ ആശ്രിതന്മാരായ ലൗകികരാജാക്കന്മാരോടും ന്യായാധിപന്മാരോടും പോരാടുന്നതിന് ഒരുങ്ങി പുറപ്പെടുകയും ചെയ്തു. നിന്റെ വിശ്വാസം സ്വീകരിക്കുന്നവരെ അശേഷം നശിപ്പിപ്പാൻ ഒരുങ്ങിയിരുന്ന ദിദിയാനോസ് രാജാവിനോടും അവന്റെ ക്രൂരന്യായാധിപന്മാരോടും മാർ ഗീവറുഗീസ് സഹദാ ധീരതയോടു പോരാടി. തൻനിമിത്തം അവർ സഹദായെ കഠിനമായി പീഡിപ്പിക്കുകയും നികൃഷ്ടമായി വധിക്കുകയും ചെയ്തു. ഈ വൈഷമ്യങ്ങളിലെല്ലാം ആശ്രിതവത്സലനായ നീ അവനെ സഹായിച്ചു. അവൻ തീയും വാളും ദുസ്സഹപീഡകളും വകവയ്ക്കാതെ നിന്റെ വിശ്വാസത്തിൽ ഉറച്ചുകൊണ്ട് നിന്റെ സ്നേഹത്തിൽ ക്ഷമയോടെ കഷ്ടതകളെ സഹിച്ചു. പീഡകൾക്കോ വാളിനോ അവന്റെ ധൈര്യത്തെ വ്യതിചലിപ്പിക്കുവാൻ കഴിഞ്ഞില്ല. അവൻ നിന്റെ രക്തസാക്ഷിയായി മരണം പ്രാപിച്ച് വിശ്വാസികൾക്കു ശരിയായ മാതൃകയും സങ്കേതസ്ഥാനവുമായിത്തീർന്നിരിക്കുന്നു. ആകയാൽ കാരുണ്യവാനായ കർത്താവേ! നിന്റെ സഹദായുടെ പ്രാർത്ഥനയാൽ ഞങ്ങൾക്കു വിശ്വാസ സ്ഥിരതയും, സുകൃതജീവിതവും, നന്മയ്ക്കുവേണ്ടിയുള്ള സഹിഷ്ണതയും നൽകേണമേ. സഭയും അതിലെ പ്രജകളും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ ശാന്തമായും സ്വൈര്യമായും വർത്തിക്കുമാറാകേണമേ. ലോകമെങ്ങും നിന്റെ സുവിശേഷം പ്രചരിക്കുകയും, വിശ്വാസികളെക്കൊണ്ട് ഭൂലോകം നിറയുകയും, നിന്റെ തിരുനാമം എല്ലാവരാലും സ്തുതിക്കപ്പെടുകയും ചെയ്യുമാറാകേണമേ. മാർ ഗീവറുഗീസ് സഹദായുടെ പെരുന്നാളിനെ ഭക്തിയായി കൊണ്ടാടുന്ന എല്ലാ വിശ്വാസികളെയും കാത്തുരക്ഷിച്ചുകൊള്ളേണമേ. ദുഷ്ടാത്മാക്കളുടെയും, സർപ്പം ആദിയായ ദുഷ്ട ജന്തുക്കളുടെയും ഉപദ്രവങ്ങളിൽ നിന്ന് അവരെ കാത്തുകൊള്ളേണമേ. ദയാലുവായ ദൈവമേ! പരിശുദ്ധ സഹദായുടെ പ്രാർത്ഥനയാൽ പാപികളായ ഞങ്ങൾക്കു പാപപരിഹാരം നൽകേണമേ. വിശ്വാസികളായ ഞങ്ങളുടെ എല്ലാ മരിച്ചുപോയവർക്കും ആശ്വാസം പ്രദാനം ചെയ്യേണമേ. രോഗികളെ സുഖപ്പെടുത്തേണമേ. വൃദ്ധന്മാരെ താങ്ങണമേ. യൗവ്വനക്കാരെ നിർമ്മലരാക്കേണമേ. സ്ത്രീകളെ പരിപാകതയുള്ളവരാക്കേണമേ. ശിശുക്കളെയും പൈതങ്ങളെയും വളർത്തേണമേ. പുരോഹിതന്മാരെ ചുമതലാബോധമുള്ളവരും, നിന്റെ തിരുവിഷ്ടപ്രകാരം നിന്റെ ആട്ടിൻകൂട്ടത്തെ നയിക്കുന്നവരുമാക്കേണമേ. ലോകത്തിൽ നിന്ന് യുദ്ധങ്ങളും, ക്ഷാമവും, വസന്തയും, നീക്കിക്കളയേണമേ. ഞങ്ങൾ എന്നും നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധറൂഹായെയും മഹത്വപ്പെടുത്തുമാറാകണമേ. ഹോശോ......

## കോലോ

(കുക്കോയോ)

നൃപതിതൻ സൈനാധീശൻ-മാർ ഗീവറുഗീസ്
വിശ്വാസത്താലേശുവിനെ-കൈക്കൊണ്ടൊരു നാളിൽ
ലോകഭടത്വം-പാടേ കൈവിട്ടാൻ
സ്വർഗ്ഗഭടത്വം-ചാലേ കൈക്കൊണ്ടാൻ

പൈശാചികഗണമൊടു വീരൻ-പോ-രാട്ടം ചെയ്താൻ
തൻ സ്ഥൈര്യം കണ്ടോരു ദേവൻ-മുടിയവനേകിൽ
ഹാലേലുയ്യാ-തൻ യാചന കോട്ട

ബാറെക്മോർ. ശുബഹോ... മെനഓലം...

വൻപാമ്പിനെ നീ നിഹനിച്ചു-ഗീ-വറുഗീസേ
ബിംബാരാധകഭൂപതിയെ-നീയാക്ഷേപിച്ചു
വിശ്വാസത്തെപ്രതി നിന്നെ ദുഷ്ടർ
പീഡിപ്പിച്ചു-ക്രൂരതയോടേറ്റം

പീഡകളാൽ സഹദാമരണം-നീ-യങ്ങേറ്റു
ശാശ്വതമകുടം നീ നേടി-സ്വർഗ്ഗേ മോക്ഷത്തിൽ
ഹാലേലുയ്യാ-നിൻ യാചന കോട്ട
മൊറിയൊറാഹേ....

## മാർ അപ്രേമിന്റെ ബോവൂസോ

1. കർത്താവേ! കൃപ ചെയ്യണമേ
ഗീവറുഗീസിൻ യാചനയാൽ
തൻ പ്രാർത്ഥനയാൽ ഞങ്ങൾക്കും
വിഗതർക്കും നൽകുക പുണ്യം

2. പന്തീരാറാം വിധി കർത്തർ
ദയവന്യേ വിധി ചെയ്തവനെ
ഓരോരുവനും വെവ്വേറായ്
സ്ലീബാ തന്നുടെ ബലമതിനാൽ

3. തോല്പിച്ചവനെല്ലാവരെയും
വിശ്വാസം കൈവെടിയാതെ
പോയാൻ സഹദാ സുരലോകേ
വീരകിരീടം പ്രാപിച്ചാൻ

4. മാർ ഗീവറുഗീസ് സഹദാതൻ
പെരുന്നാളിൽ ശ്രേഷ്ഠത ചേർത്ത
പിതൃസുതപരിശുദ്ധാത്മാവാം
ത്രിത്വത്തിനു നതിയും സ്തുതിയും

5. സ്തോത്രവുമെന്നും ചേരട്ടെ
ഗീവറുഗീസിൻ പ്രാർത്ഥനയാൽ
ഞങ്ങൾക്കും മൃതരായോർക്കും
മോചനമീശൻ നൽകട്ടെ.

6. കർത്താവേ കൃപ ചെയ്യണമേ
ഗീവറുഗീസിൻ യാചനയാൽ
തൻ പ്രാർത്ഥനയാൽ ഞങ്ങൾക്കും
വിഗതർക്കും നൽകുക പുണ്യം

ഒരു കൗമാ

# മദ്ധ്യാഹ്ന നമസ്ക്കാരം

ഒരു കൗമാ

## കോലോ (തൂറോദ്സീനായ്)

ഉടയോൻ നാഥാ,
ഗിരി സീനാ നിൻ സ-
ന്നിധിയിങ്കൽ തുള്ളി....

## മാർ ബാലായിയുടെ ബോവൂസോ

1. മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ....

വായനക്കാരൻ: "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം" എന്ന് ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി.

(പഴമ വായന - സഹദേന്മാരുടേത്)